# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 404 — 28-02-2017 ലെ മറുപടിക്ക്

**ചോദ്യം** — **മറുപടി**

**ശ്രീ. അടൂർ പ്രകാശ്**

**ഡോ.റ്റി.എം.തോമസ് ഐസക്**
ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി

### നികുതി വരുമാനത്തിലെ വർദ്ധനവ്

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സംസ്ഥാനത്ത് നികുതി വരുമാനത്തിൽ എത്ര ശതമാനം വർദ്ധനവാണ് 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ ലക്ഷ്യമിട്ടത്; | 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റിനെ അപേക്ഷിച്ച് 2016-17 സാമ്പത്തികവർഷം അവതരിപ്പിച്ച പുതുക്കിയ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം സംസ്ഥാനത്തെ തനത് നികുതി വരുമാനത്തിൽ 4.81% വർദ്ധനവ് ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ബി) | ഈ സാമ്പത്തിക വർഷം 2017 ജനുവരി 31 വരെ നികുതി വരുമാനത്തിൽ എത്ര വളർച്ച നേടുവാൻ കഴിഞ്ഞു; ബഡ്ജറ്റിൽ ലക്ഷ്യമിട്ടിരുന്ന വളർച്ച നേടുവാൻ കഴിയാതിരുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2016 ഡിസംബർ 31 വരെയുള്ള സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ മുൻ വർഷത്തെ ഇതേ കാലയളവിനെ അപേക്ഷിച്ച് 8.98% വളർച്ച നേടുവാൻ കഴിഞ്ഞു. സമ്പദ് വ്യവസ്ഥയിൽ പൊതുവിൽ നിലനിൽക്കുന്ന മാന്ദ്യവും നോട്ട് അസാധുവാക്കൽ നടപടിയെ തുടർന്ന് ഉടലെടുത്ത പ്രതിസന്ധിയും നികുതി വരുമാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ഡിസംബർ മാസം വരെയുള്ള നികുതി വരുമാനത്തിലുള്ള വളർച്ചാ നിരക്ക് ശരാശരി 8.98% ശതമാനമാണെങ്കിലും ഡിസംബർ മാസത്തെ വളർച്ചാ നിരക്ക് 2.35% ആയി കുറഞ്ഞിട്ടുണ്ട്. നോട്ട് അസാധുവാക്കൽ പ്രതിസന്ധിയാണ് വളർച്ചാ നിരക്ക് കുറയുന്നതിനുള്ള കാരണമായി വിലയിരുത്തുന്നത് |
| (സി) | നോട്ട് അസാധുവാക്കിയ 2016 നവംബർ മാസത്തിനു ശേഷം നികുതി വരുമാനത്തിൽ ഓരോ മാസവുമുണ്ടായ വളർച്ച എത്രയാണ്; | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം, മുൻ വർഷത്തെ ഇതേ കാലയളവുമായി താരതമ്യപ്പെടുത്തുമ്പോൾ 2016-17 സാമ്പത്തിക വർഷത്തിൽ ഡിസംബർ 31 വരെ ഓരോ മാസത്തിലും നികുതി വരുമാനത്തിൽ ഉണ്ടായ വർദ്ധനവിന്റെ ശതമാന കണക്ക് ചുവടെ ചേർക്കുന്നു. |
| (ഡി) | നോട്ട് അസാധുവാക്കുന്നതിന് മുമ്പിലുള്ള ഓരോ മാസവും നികുതി വരുമാനത്തിലുണ്ടായ വർദ്ധനവ് എത്ര ശതമാനമായിരുന്നു എന്ന് വ്യക്തമാക്കാമോ? | (പട്ടിക താഴെ) |

| മാസം | ശതമാനം |
|---|---|
| ഏപ്രിൽ | -13.20 |
| മേയ് | -36.38 |
| ജൂൺ | 69.12 |
| ജൂലായ് | 6.35 |
| ആഗസ്റ്റ് | 10.47 |
| സെപ്റ്റംബർ | -23.75 |
| ഒക്ടോബർ | 19.80 |
| നവംബർ | 50.23 |
| ഡിസംബർ | 2.35 |

**സെക്ഷൻ ഓഫീസർ**